## ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസമാണ് ഓരോ വിദ്യാർത്ഥിയും രക്ഷിതാവും പ്രതീക്ഷിക്കുന്നത്. കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിദ്യാലയങ്ങളിൽ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക സമത്വം ഉറപ്പു വരുത്തുന്നതിനും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. സ്കൂളിലെ മുഴുവൻ കുട്ടികളെയും പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും നിലവിലുള്ള പഠന നിലവാരത്തിൽ കാതലായ മാറ്റം വരുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. കഴിവുള്ള കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവ പരിപോഷിപ്പിക്കാനുള്ള നിരന്തരപഠന പ്രവർത്തനങ്ങൾ പ്രത്യേകമായി കണ്ട് അവ സമയബന്ധിതമായി നടപ്പിലാക്കുക. അതോടൊപ്പം പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെയും പല കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യുന്ന കുട്ടികളെയും പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക. ഓരോ ക്ലാസ്സിലും മേഖലകൾ തിരിച്ച് പ്രസ്തുത മേഖലകളിൽ അറിവ് നേടാനും അവയിലൂടെ കുട്ടികളിൽ പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുക. അത്തരം മേഖലകളിൽ അടിസ്ഥാന വിജ്ഞാനം നേടി എന്ന് ഉറപ്പുവരുത്തുക.

കോവിഡാനന്തരം കുട്ടികളിൽ കണ്ട വൈകാരിക, സാമൂഹിക, വൈജ്ഞാനിക മേഖലകളിൽ ഉണ്ടായ പരിമിതികൾ നിരന്തര പഠന പ്രവർത്തനങ്ങളിലൂടെ പരിഹരിച്ചുവരികയാണ്.

## ഗുണനിലവാരമുള്ള വിദ്യാഭ്യാസം

ലോകം എല്ലാ കാലത്തും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. മാറുന്ന ലോകത്ത് മാറ്റങ്ങൾ ഉൾക്കൊണ്ട് ക്രിയാത്മകമായി ഇടപെട്ട് മനുഷ്യന്റെ ജീവിതത്തിൽ ആവശ്യമായ ശേഷികൾ നേടി മനോഭാവങ്ങൾ രൂപീകരിച്ച് സാമൂഹിക ശാക്തീകരണത്തിന് വ്യക്തികളെ പ്രാപ്തമാക്കുക എന്നതാണല്ലോ വിദ്യാഭ്യാസം കൊണ്ട് വിവക്ഷിക്കുന്നത്. വ്യക്തിയുടെ വികാസം സമൂഹത്തിനും നാടിനും ഉപയുക്തമാകണം. എല്ലാ വിഭാഗങ്ങൾക്കും ഉൾക്കൊള്ളാവുന്നതും ഗുണനിലവാരമുള്ളതുമാവണം വിദ്യാഭ്യാസത്തിന്റെ ദൗത്യം.

വിദ്യാഭ്യാസ രംഗത്ത് വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വ്യവസ്ഥാപിതമായ പദ്ധതികളും വ്യത്യസ്ത രീതിയിൽ നടപ്പിലാക്കിയ പ്രൊജക്ടുകളും അധ്യാപക സമൂഹത്തിന്റെ പ്രവർത്തന ക്ഷമതയുമാണ് ഈ മുന്നേറ്റത്തിന് കാരണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക രംഗത്തും അക്കാദമിക രംഗത്തും വലിയ മാറ്റങ്ങളാണ് കണ്ടുവരുന്നത്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ :

വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും കുട്ടികൾക്ക് ആസ്വാദ്യകരമായിരിക്കണം.

പഠന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.

ക്ലാസ് മുറികളിൽ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക പ്രവൃത്തി പരിചയ മേഖലകളിൽ ഇടപെടാനുള്ള സൗകര്യം ഒരുക്കുക.

ലൈബ്രറി, ഇൻഫർമേഷൻ ടെക്നോളജി എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്തുക.

അധ്യാപകർക്ക് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവ് നിർമ്മാണം നടത്തുകയും പ്രവർത്തനം ആസൂത്രണം ചെയ്യുകയും ചെയ്യുക.

പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും പരിഗണിച്ച് അവർക്കും അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.

പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം ഉണ്ടാക്കുക.

## പിന്തുണാ സംവിധാനം

വിദ്യാലയത്തിൽ അക്കാദമിക, ഭൗതിക നിലവാരം വർദ്ധിപ്പിക്കാൻ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ഘടകങ്ങളിൽ നിന്ന് പിന്തുണയും പങ്കാളിത്തവും സഹകരണവും ലഭിക്കേണ്ടതുണ്ട്. താഴെ പറയുന്ന വിഭാഗങ്ങളുടെ പിന്തുണ വിദ്യാലയത്തിൽ ആവശ്യമാണ്.

**മാനേജ്മെന്റ്**

**പി.ടി.എ.**

**മദർ പി.ടി.എ.**

**എസ്.എം.സി.**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

**വിദ്യാലയ വികസന സമിതി**

**സന്നദ്ധ സംഘടനകൾ**

**ക്ലബ്ബുകൾ**

**വായനശാല**

## പരിഗണനാ വിഭാഗങ്ങൾ :

സാമൂഹികവും സാമ്പത്തികവും ശാരീരികവും മാനസികവുമായ കാരണങ്ങളാൽ പഠനത്തിൽ പ്രയാസമനുഭവിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കുകയും അവർക്ക് പിന്തുണയും പരിഗണനയും നൽകുകയുംചെയ്യണം. പ്രശ്നങ്ങളെ

കൃത്യമായി അപഗ്രഥിച്ച് അവയ്ക്ക് ഫലപ്രദമായ പരിഹാരം കാണണം.

പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക. രക്ഷിതാക്കളുടെ താൽപര്യവും പിന്തുണയും ശ്രദ്ധയും ഉണ്ടാവാൻ നിരന്തരമായ ബോധവൽക്കരണവും പദ്ധതികളും കാണുക.

പഠന പ്രവർത്തനങ്ങൾക്ക് ഗൃഹാന്തരീക്ഷം അനുകൂലമാക്കുക. ആവശ്യമായ സൗകര്യവും പഠന മുറിയും ഫർണിച്ചറുകളും ഒരുക്കുക.

പോഷക പ്രദമായ ആഹാരം ഉറപ്പുവരുത്തുക.

വീട്ടിലും പരിസരത്തും ലഹരി ഉപയോഗം ഇല്ലെന്ന് ഉറപ്പുവരുത്തുക.

കുട്ടികളെ പലതരത്തിലും ചൂഷണത്തിന് വിധേയമാക്കുന്ന ആന്തരിക, ബാഹ്യ ഇടപെടലുകൾ ഇല്ലാതാക്കുക.

കുട്ടികളിൽ കണ്ടുവരുന്ന മാനസികവും ശാരീരികവും വൈകാരികവുമായ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുക.

വസ്ത്രം, പഠനോപകരണങ്ങൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുക.

വീടും പരിസരവും വൃത്തിഹീനമാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

ശാരീരിക, മാനസിക വൈകല്യം ഉള്ള കുട്ടികൾക്ക് ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുക.

സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അത്യാവശ്യമായി ലഭിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക.

## പഠന പിന്നാക്കാവസ്ഥ : പരിഹാരങ്ങൾ

പഠന പിന്നാക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുക. ശരാശരി നിലവാരത്തിലും അതിനു താഴെയുമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിഹാരബോധന പരിപാടികൾ ആസൂത്രണം ചെയ്യുക. പഠനം മെച്ചപ്പെടുത്താനുള്ള മാനസിക ധൈര്യം പകർന്നു നൽകുക.

ഭാഷ, ഗണിതം തുടങ്ങിയ അടിസ്ഥാന വിദ്യാഭ്യാസം ഓരോ ക്ലാസ് തലത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും നിരന്തര മോണിറ്ററിംഗ് നടപ്പിലാക്കുകയും ചെയ്യുക.

വായന പ്രോത്സാഹിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക, പത്രവായന, ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തൽ എന്നിവയ്ക്ക് അവസരം ഉണ്ടാക്കുക.

പൊതുവിജ്ഞാനം വർധിപ്പിക്കാനുള്ള നിരന്തര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരം, രചനാ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

സാഹിത്യം, കല, ശാസ്ത്രം, മാനവികം, സാമൂഹികം തുടങ്ങിയ മേഖലകളിൽ ആഴത്തിലുള്ള പഠനം ലക്ഷ്യം വെച്ച് ദിനാചരണങ്ങൾ, പരിപാടികൾ എന്നിവ ഉപയോഗപ്പെടുത്തുക.

## നടപ്പിലാക്കുന്ന പദ്ധതികൾ:

വായനാ മത്സരം

വായനാ കാർഡ് നിർമ്മാണം

പത്രവായന

വാർത്ത വായന, റേഡിയോ പരിപാടികൾ

സർഗവേള, സാഹിത്യ സമാജങ്ങൾ

വായനാമൂല സജ്ജീകരിക്കൽ

ലൈബ്രറി വിതരണം കാര്യക്ഷമമാക്കൽ

പരിസ്ഥിതി സംരക്ഷണം -പരിപാടികൾ

ജൈവകൃഷി പ്രോത്സാഹനം

പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ സജ്ജീകരിക്കൽ

ഹലോ ഇംഗ്ലീഷ് പദ്ധതിയുടെ തുടർച്ച

സയൻസ് ലാബ്

ശാസ്ത്ര പ്രദർശനങ്ങൾ, പ്രവൃത്തി പരിചയ മേളകൾ

ഗണിത ലാബ്

അബാക്കസ് പരിശീലനം

ഗണിത രൂപങ്ങൾ, ഗണിത ക്രിയകൾ പരിശീലനം

പഠന യാത്രകൾ,

ഭാഷാ ക്ലബ്ബുകളുടെ കാര്യക്ഷമത

ക്ലാസ് മുറികളിലെ ഭാഷാ ഉപയോഗം

സാഹിത്യ മത്സരങ്ങൾ, സാഹിത്യ സദസ്സുകൾ, ശിൽപശാലകൾ, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, പുസ്തക ചർച്ച

ഐ.ടി. ലാബ് സജ്ജീകരിക്കൽ

ഐ.ടി. പരിശീലനം - തിയറി, പ്രാക്ടിക്കൽ

ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സജ്ജീകരിക്കൽ

പ്രകൃതി പഠന ക്യാമ്പുകൾ

കലകൾ, ഗോത്ര കലകൾ - പ്രകടനം, പരിശീലനം

കായിക ക്ഷമത വർദ്ധിപ്പിക്കാനുള്ള പരിപാടികൾ

സ്പോർട്സ് മീറ്റ്

കായിക ഉപകരണങ്ങൾ ലഭ്യമാക്കൽ

സാമൂഹിക ക്ഷേമ, ജീവകാരുണ്യ മേഖലകളിൽ പരിചയപ്പെടാനും പ്രവർത്തിക്കാനുമുള്ള വേദികൾ.

മാനസിക സംഘർഷങ്ങൾ പരിഹരിക്കാനുള്ള കൗൺസിലിംഗ് ക്ലാസ്സുകൾ.

മാനവിക ഐക്യം, സാമൂഹിക ഐക്യം എന്നിവ ഊട്ടിയുറപ്പിക്കുന്ന പരിപാടികൾ.

## മോണിറ്ററിംഗ്

ഓരോ മേഖലയിലും, നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും ഓരോ മാസത്തിലും വിലയിരുത്തുക.

പോരായ്മകൾ പരിഹരിക്കുക.

മികവുകൾ കണ്ടെത്തുക, പ്രചരണം നൽകുക.

മറ്റു കുട്ടികൾക്ക് പ്രചോദനം ഉണ്ടാക്കുക.

കുട്ടികളുടെ നിലവാരത്തിനനുസരിച്ച പദ്ധതികൾ ആണ് കണ്ടതെന്ന് ഉറപ്പുവരുത്തുക.

ക്ലാസ് തലത്തിലെ ഓരോ വിഷയങ്ങൾക്കും നൽകിയ പ്രവർത്തനങ്ങൾ വിലയിരുത്തുക. മികവും പരിമിതിയും കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുക.

ഓരോ ഘട്ടങ്ങളിലും ഫലപ്രദമായ മാറ്റങ്ങൾ ഉണ്ടാകുന്നുവെന്ന് ഉറപ്പുവരുത്തുക.

പരിമിതികൾ ഉള്ള കുട്ടികൾക്ക് തുടർപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ പിന്തുണയും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

## ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | Reading | Letter Card, Words card Picture, Story books Story Card, Story Telling E Cube English | Long term | Cards Picture Cards | English Teachers |
| 2 | Writing | Missing words, Missing letters, Sentence making Picture writing, picture description, Copy writing Reading writing, Ecub English | Long term | Cards Library books | English teachers |
| 3 | Picture description | സി.ഡിയിൽ ചിത്രങ്ങൾ പ്രദർശിപ്പിച്ച് കുട്ടികൾക്ക് അതിനെ കുറിച്ച് പറയാനവസരവും എഴുതാനവസരവും കൊടുക്കുന്നു. (TB) Ecub English | Long term | Videos | English teachers Teachers |
| 4. | Skit & Choreography | പാഠഭാഗങ്ങൾ Skit/ Chorieography തുടങ്ങിയ രൂപത്തിൽ അവതരിപ്പിച്ചുകൊണ്ട് കൂടുതൽ ലളിതമാക്കുകയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുകയും ചെയ്യുന്നു. | Long Term | Skit | English Teachers |
| 5 | Speaking | Class room interaction in English<br>Picture discription<br>Conversation<br>Story telling<br>English Assembly | Ones in a week | Sargavela | English Teachers |
| | | | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 6 | English Club | കുട്ടികളെ ഉൾപ്പെടുത്തി ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിക്കുന്നു ഫീൽഡ് ട്രിപ്പ്, Interact with eminent persons of the society | June<br>Sept. - Dec. | Field Trip Interaction | CKS, SM KKM |
| 7 | Listening | News reading (Videos)<br>Speach of eminent persons<br>Poems (Audio)<br>T B Reading | Long term | Videos | CKS KKM |
| **യു. പി.** | | **ഉറുദു** | | | |
| 1 | ഭാഷ കേൾക്കൽ, ആസ്വദിക്കൽ | ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ കഥാ, കവിതാ, ഗസൽ, സംഭാഷണ ക്ലിപ്പുകൾ കേൾപ്പിക്കൽ, ബാലസഭ സംഘടിപ്പിക്കൽ. | മാസത്തിൽ ഒരു പിരിയഡ് | | സബ്ജക്ട് കൗൺസിൽ, ഉറുദു ക്ലബ്ബ് പ്രവർത്തകർ |
| 2 | വായന | എട്ടാം തരം കഴിഞ്ഞ് പുറത്തിറങ്ങുന്ന എല്ലാ കുട്ടികൾക്കും ഉറുദു ഒഴുക്കോടെ വായിക്കാൻ കഴിയുമെന്ന് ഉറപ്പാക്കൽ. വായന മത്സരങ്ങൾ നടത്തൽ, ബാല മാസികകൾ, ഉറുദു പത്രങ്ങൾ, വായനാ കാർഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കൽ | വർഷം | | സബ്ജക്ട് കൗൺസിൽ |
| 3 | ഭംഗിയുള്ള കൈ എഴുത്ത് | ഉറുദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്ന ലക്ഷ്യപൂർത്തീകരണത്തിന് വേണ്ടി പ്രത്യേക പരിശീലനം. ക്ലാസ് കയ്യെഴുത്ത് മാസിക. ചുമർ പത്രിക നിർമ്മാണം. വായനാ കാർഡ് നിർമ്മാണം. | എല്ലാ മാസവും ടേമിൽ ഒന്ന് വീതം | | ക്ലാസ് തല റിസോഴ്സ് ഗ്രൂപ്പ് |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | ഉറുദു ടൈപ്പിംഗ് | എട്ടാം തരം കഴിഞ്ഞ് പുറത്തിറങ്ങുന്ന എല്ലാ കുട്ടികൾക്കും ഉറുദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായനാ കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | 1 വർഷം | | സബ്ജക്ട് കൗൺസിൽ |
| 5 | ഉറുദു പത്രം | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി ഡിജിറ്റൽ സുവനീർ തയ്യാറാക്കൽ. | മാസത്തിൽ ഓരോന്ന് വീതം | | ഉറുദു ക്ലബ്ബ് |
| 6 | ഉറുദു പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായും ഉറുദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി നോട്ടീസ് ബോർഡിൽ ഓരോ ആഴ്ചയിലും ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കൽ, ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ. | എല്ലാ മാസവും | | ഉറുദു ക്ലബ്ബ് |
| 7 | ഗസൽ & മുശായിറ | ഉറുദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും ഗസൽ പരിശീലനവും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | എപ്രിൽ - മെയ് | | എസ്.ആർ. ജി. |
| 8 | സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉറുദു സാഹിത്യകാരന്മാരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | ഒക്ടോബർ | | ഉറുദു സബ്ജക്ട് കൗൺസിൽ |
| | | | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 9 | നാടക പരിശീലനം | പാഠപുസ്തകത്തിലെ നാടകങ്ങളെയും കഥകളെയും അടിസ്ഥാനപ്പെടുത്തി സ്ക്രിപ്റ്റ് തയ്യാറാക്കി കുട്ടികളിൽ അഭിനയ കഴിവ് പരിപോഷിപ്പിക്കും വിധം പരിശാലനം സംഘടിപ്പിക്കൽ. | ഡിസംബർ | | ഉറുദു സബ്ജക്ട് കൗൺസിൽ |
| 10 | ഉറുദു പ്രസംഗ പരിശീലനം | കുട്ടികൾക്ക് സദസ്സിന് മുമ്പിൽ സംസാരിക്കാനുള്ള കഴിവ് പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രസംഗത്തിൽ തൽപരരായ കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക. ഈ കുട്ടികളെ ഉപയോഗിച്ച് ദിനാചരണങ്ങളുമായും മറ്റും ബന്ധപ്പെട്ട് വിവിധ ക്ലാസ്സുകളിലും സ്കൂൾ അസംബ്ലിയിലും പ്രസംഗിക്കാൻ അവസരം ഒരുക്കുക. | ഒരു വർഷം | | ഉറുദു സബ്ജക്ട് കൗൺസിൽ |
| 11 | ഉറുദു ലൈബ്രറി ശാക്തീകരണം | ഉറുദു കുട്ടികൾ പഠിക്കുന്ന ക്ലാസ്സുകളിലെ ക്ലാസ് ലൈബ്രറിയിൽ പുസ്തകങ്ങൾ ശേഖരിച്ച് വായനയെ പരിപോഷിപ്പിക്കാൻ കുട്ടികൾക്ക് ലഭ്യമാക്കുക. കുട്ടികളുടെയും രക്ഷിതാക്കളുടെയും പി. ടി. എ യുടെയും സഹകരണത്തോടെ സ്കൂൾതല ഉറുദു ലൈബ്രറി സജ്ജീകരിക്കുക. | ഒരു വർഷം | | പി.ടി.എ, വിദ്യാർത്ഥികൾ, ഉറുദു സബ്ജക്ട് കൗൺസിൽ |
| 12 | ഉറുദു ഡിജിറ്റൽ ലൈബ്രറി | ഉറുദു കവിത, ഗസലുകൾ, സംഘഗാനങ്ങൾ, കാർട്ടൂൺ വീഡിയോ, സംഭാഷണ, വീഡിയോ ക്ലിപ്പുകൾ, ടെലിഫിലീമുകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഉറുദു ഡിജിറ്റൽ ലൈബ്രറി ആരംഭിക്കുക. ഇടവേളകളിലും ദിനാചരണ സമയങ്ങളിലും പ്രദർശിപ്പിക്കുക. | ഒരു വർഷം | | പിടടി.എ, വിദ്യാർത്ഥികൾ, ഉറുദു സബ്ജക്ട് കൗൺസിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 13 | നോട്ടീസ് ബോർഡ് | ഉറുദു ക്ലബ്ബ് വാർത്തകളും വിവരങ്ങളും ഉറുദു ഭാഷയുമായി ബന്ധപ്പെട്ട പൊതു വാർത്തകളും സ്കൂളിലെ എല്ലാവരിലുമെത്തിക്കാൻ നോട്ടീസ് ബോർഡ് സ്ഥാപിക്കൽ. ആവശ്യാനുസരണം വിവരങ്ങൾ പ്രദർശിപ്പിക്കുക. | | | ഉറുദു സബ്ജക്ട് കൗൺസിൽ, വിദ്യാർത്ഥികൾ |
| 14 | രക്ഷാകൃത്ത ബോധവൽക്കരണ ക്ലാസ്സ് | ഉറുദു പഠനത്തിൽ കുട്ടികളെ സഹായിക്കാനുതകും വിധം ഉറുദു പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക. ഉറുദു പ്രദർശനം സംഘടിപ്പിക്കുക. | ആഗസ്റ്റ് - ഫെബ്രുവരി | | ഉറുദു സബ്ജക്ട് കൗൺസിൽ |
| 15 | ഭാഷാ പ്രചരണം, അഡ്മിഷൻ വർദ്ധിപ്പിക്കൽ | ഉറുദു ഭാഷാ പ്രചരണവും സ്കൂളിലേക്ക് ഉറുദു പഠിക്കുന്ന കുട്ടികളെ ആകർഷിപ്പിക്കുവാനും സമീപ പ്രൈമറി സ്കൂളുകളിലും രക്ഷിതാക്കൾക്കിടയിലും ലഘുലേഖ വിതരണം നടത്തുക. | ഏപ്രിൽ - മെയ് | | ഉറുദു സബ്ജക്ട് കൗൺസിൽ, ഉറുദു ക്ലബ്ബ് പ്രവർത്തകർ |
| 16 | അഭിമുഖ സംഭാഷണം | ഉറുദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും അതിഥി തൊഴിലാളികളുമായും അഭിമുഖ സംഭാഷണം നടത്തുക. | ഫെബ്രുവരി | | ഉറുദു സബ്ജക്ട് കൗൺസിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

**യു. പി.**

**അടിസ്ഥാന ശാസ്ത്രം**

**ആമുഖം :**

സ്വതന്ത്രമായി പരീക്ഷണത്തിലേർപ്പെടുക എന്നത് കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. പാഠപുസ്തകങ്ങളിൽ ധാരാളം പരീക്ഷണത്തിനുള്ള സാധ്യതകൾ ഉണ്ടെങ്കിലും പ്രായോഗിക തലത്തിൽ പരിമിതികൾ ഏറെയാണ്. ഈ പരിമിതികൾ മറികടക്കാൻ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്വതന്ത്രമായി പരീക്ഷണത്തിലേർപ്പെടാനുള്ള അവസരങ്ങൾ എല്ലാ കുട്ടികൾക്കും ഒരുക്കുന്നതാവണം. ജൂലായിൽ ആരംഭിച്ച് ഫെബ്രുവരി മാസം അവസാനിക്കുന്ന പ്രവർത്തന പദ്ധതികളാണ് ഇതിലുള്ളത്.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സ്വതന്ത്രമായി പരീക്ഷണത്തിലേർപ്പെടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ചുറ്റുപാടും ലഭ്യമാകുന്ന പരീക്ഷണ വസ്തുക്കൾ | SRG |
| 2 | നിരീക്ഷണത്തിലൂടെ സസ്യങ്ങളിലെ വൈവിധ്യം തിരിച്ചറിയാൻ | സസ്യനിരീക്ഷണം (ഇല, പൂവ്..) ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് വിവരശേഖരണം നടത്തുന്നു. വിവിധ തരത്തിലുള്ള ഇലകൾ, പൂവുകൾ ശേഖരിച്ച് തരം തിരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | വിവിധതരം ഇലകൾ പൂവുകൾ | SRG |
| 3 | ഭക്ഷ്യവസ്തുക്കളിലെ ആസിഡുകൾ തിരിച്ചറിയൽ | "അടുക്കളയിലെ ആസിഡുകൾ" ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയ ആസിഡുകൾ കണ്ടെത്തുന്നു. ഏതൊക്കെ ആസിഡുകൾ പ്രത്യേകതകൾ. | ജനുവരി ഫെബ്രുവരി | നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ | SRG |
| 4 | ഊർജ്ജമാറ്റങ്ങൾ തിരിച്ചറിയൽ | ചുറ്റുപാടുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ഊർജ്ജമാറ്റങ്ങൾ മനസ്സിലാക്കുന്നു. "എല്ലാ ഊർജ്ജത്തിന്റെയും ഉറവിടം സൂര്യനാണെന്ന തിരിച്ചറിവ്" | ജൂൺ മുതൽ മാർച്ച് വരെ | പ്രകൃതി പ്രതിഭാസങ്ങൾ ഉപകരണങ്ങൾ | SRG |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 5 | ശാസ്ത്രജ്ഞരെ അടുത്തറിയൽ | അവരുടെ ജീവചരിത്രം, അവരുടെ കണ്ടുപിടുത്തങ്ങൾ എന്നിവയെ കുറിച്ച് പഠനം നടത്തുക (കുറിപ്പ്) ക്വിസ്, കണ്ടുപിടുത്തങ്ങൾ ലിസ്റ്റ് ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ഐ. സി. ടി. | SRG |
| | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | | |

**യു. പി.** **സാമൂഹ്യശാസ്ത്രം**

| | | | | | |
|---|---|---|---|---|---|
| 1 | ഭൂമിശാസ്ത്ര സവിശേഷതകൾ ഭരണകൂടങ്ങളുടെ വളർച്ചയെ സ്വാധീനിക്കുന്നതെങ്ങിനെയെന്ന് വിലയിരുത്തുന്നു. | സവിശേഷതകൾ പറയൽ കുറിപ്പ് തയ്യാറാക്കൽ ഫ്ളോ ചാർട്ടിൽ നിന്ന് പദസൂര്യൻ തയ്യാറാക്കൽ | ജൂൺ ജൂലൈ | വീഡിയോ | എസ്.ആർ.ജി എസ്.എം.സി. |
| 2 | നഗരങ്ങളുടെ വളർച്ചയെ സഹായിച്ച വിവിധ തരം സാമ്പത്തിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. | പട്ടികകൾ വിശകലനം ചെയ്യുന്നു ഭൂപട വായന ചെയ്യുന്നു കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂലൈ | ഭൂപടം, ഗ്ലോബ് | എസ്.ആർ.ജി സോഷ്യൽ അധ്യാപകർ |
| 3 | പ്രാദേശിക ചരിത്രബോധം ചരിത്രാവബോധം വളർത്തുക | ചരിത്ര ശേഷിപ്പുകൾ സന്ദർശിച്ച് വിവരങ്ങൾ തയ്യാറാക്കൽ ചരിത്ര വിവരങ്ങൾ അറിയുന്ന പ്രാദേശികവാസികളുമായി അഭിമുഖം | ജൂൺ മുതൽ ഡിസംബർ വരെ | വീഡിയോ | എസ്.ആർ.ജി എസ്.എം.സി. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | ഭൂപട രചന എളുപ്പമാക്കൽ അർത്ഥപൂർണ്ണമായ ഭൂപട വായന ക്രമീകരിക്കുന്നു. ഗ്ലോബ് പരിചയപ്പെടൽ | കൃത്യമായി ഭൂപടങ്ങൾ വരയ്ക്കാൻ പരിശീലനം നൽകുന്നു. ഇന്ത്യയുടെയും, കേരളത്തിന്റെയും അതിർത്തികൾ കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു. വൻകരകൾ, സമുദ്രങ്ങൾ എന്നിവ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | നവംബർ മുതൽ ഡിസംബർ വരെ | ഭൂപടം, ഗ്ലോബ് അറ്റ്ലസ് | എസ്.ആർ.ജി സോഷ്യൽ അധ്യാപകർ |
| 5 | ദേശീയ നേതാക്കളെ കുറിച്ചുള്ള ചെറു പഠനം (ടൈം ലൈൻ) | ദേശീയ നേതാക്കളുടെ ചിത്രങ്ങൾ ശേഖരിക്കുന്നു. കുറിപ്പ് (ജീവചരിത്രം) തയ്യാറാക്കുന്നു ദേശീയ നേതാക്കളുടെ മേഖലകൾ അടങ്ങുന്ന വീഡിയോ പ്രദർശനം. പതിപ്പ് തയ്യാറാക്കൽ | നവംബർ മുതൽ ഫെബ്രുവരി വരെ | ചിത്രങ്ങൾ ഐ.സി.ടി. | സോഷ്യൽ അധ്യാപകർ |
| | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ, സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തി എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | | | |

**യു. പി.** **ഹിന്ദി**

| | | | | | |
|---|---|---|---|---|---|
| 1 | യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷര ചാർട്ട് പാഠപുസ്തകം | എസ്.സി. ഇ.ആർ.ടി. |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക,<br>പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ചാർട്ട് തയ്യാറാക്കുക | സെപ്തം. മുതൽ ഒക്ടോ. വരെ | ഹിന്ദി നിഘണ്ടു | പി.ടി.എ. ബി.ആർ.സി. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരിലി, ഹിന്ദി) | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ (സെപ്തംബർ 14 ഹിന്ദി ദിവസ്, ജനുവരി 10 ലോക ഹിന്ദി ദിനം) ചിത്ര സഹായത്തോടെ ചെറുകഥ തയ്യാറാക്കൽ. അധിക വായന സാമഗ്രികൾ. ചിത്രം - അടിക്കുറിപ്പ്. ചിത്രം - കഥപറയൽ. കഥ ബാക്കി എഴുതൽ. ഹിന്ദി ക്ലബ്ബ് (പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | എസ്. ആർ. ജി. |

**യു. പി.** **ഗണിതം**

**ആമുഖം :**

എൽ.പി. ക്ലാസ്സിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുമാണ് അഞ്ചാം ക്ലാസ്സിലെ കുട്ടികൾ ഗണിത പഠനം നടത്തുന്നത്. അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. ഗണിത വിഷയത്തിൽ പ്രാധാന്യം നൽകുന്ന കർമപദ്ധതികൾ രൂപകൽപ്പന ചെയ്യണം. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഇതുകൊണ്ട് കഴിയണം.

| | | | | | |
|---|---|---|---|---|---|
| 1 | മുഴുവൻ കുട്ടികൾക്കും സംഖ്യകൾ എഴുതാനും വായിക്കാനുമുള്ള ശേഷികൾ ഉറപ്പിക്കുക. ഗണിത പഠനം ഉല്ലാസകരവും കൗതുകകരവുമായി കുട്ടികൾക്ക് അനുഭവപ്പെടുക. മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷി ഊന്നൽ പ്രവർത്തനങ്ങൾ | 1. പ്രീ- ടെസ്റ്റ്<br>2. അക്കങ്ങൾ എഴുതാനും വായിക്കാനും ഉറപ്പിക്കുന്നു<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. ഒരക്ക സംഖ്യയും, രണ്ടക്ക സംഖ്യയും, 3 അക്ക സംഖ്യകളും, 4 അക്ക സംഖ്യകളും 5 അക്ക സംഖ്യകളും തമ്മിലുള്ള തുക കാണൽ<br>5. കടം എടുത്ത് കുറക്കുന്നത്<br>6. ഗുണന പട്ടിക പഠിക്കൽ<br>7. ആഴ്ചയിലെ ചൊവ്വ ദിവസം, ക്ലബ്ബ് മീറ്റിംഗ് ചേർന്ന് പ്രോജക്ട് തയ്യാറാക്കുന്നു. 8. രസകരമായ ഗണിത പ്രവർത്തനം ചെയ്യൽ.<br>9. പ്രായോഗിക പ്രശ്നങ്ങൾ | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | നിർദ്ധാരണം ചെയ്യൽ. | | | |
| 2. | ഗണിത ക്രിയകൾ ആർജ്ജിക്കൽ | ഗണിത കോർണർ ആരംഭിക്കൽ<br>ഗണിതവുമായി ബന്ധപ്പെട്ട മാഗസിൻ<br>തുടക്കം കുറിക്കൽ<br>ഗണിത പൂക്കള പരിശീലനം<br>ഗോത്രവിദ്യാർത്ഥികൾക്ക് വ്യവകലനുമായി ബന്ധപ്പെട്ട പരിശീലനം | | | |
| | | ഗണിത വിജയം കളികൾ<br>നമ്പർ ചാർട്ട്, ജ്യോമട്രിക്കൽ ചാർട്ട് എന്നിവയിൽ പരിശീലനം<br>പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം | | | |
| 3 | ഗണിതലാബ് സജ്ജീകരിക്കൽ | 1. ഗണിതവുമായി ബന്ധപ്പെട്ട രൂപങ്ങളുടെ നിർമ്മിതി,<br>2. ജീവിതവുമായി ബന്ധപ്പെട്ട ഗണിത ഉപകരണങ്ങളുടെ കളക്ഷൻ<br>3. ഗണിത പസിൽസ്, കുസൃതി കണക്കുകൾ എന്നിവയുടെ അവതരണവും, ഗണിത മാഗസിന്റെ നിർമ്മാണവും.<br>4. ഗണിത ശാസ്ത്രജ്ഞരുടെ ചിത്രങ്ങളും അവരുടെ സംഭാവനയും. 5. സ്കൂൾതല ശാസ്ത്ര മേളകളിൽ കുട്ടികളെ തയ്യാറാക്കൽ. | 4 മാസം | പുസ്തകം<br>സി.ഡി. | അധ്യാപകർ<br>പി.ടി.എ.<br>മാനേജ്മെന്റ് |
| **യു. പി.** | **സംസ്കൃതം** | | | | |
| | 1.2.3.4 ക്ലാസ്സുകളിൽ സംസ്കൃതവുമായി ബന്ധപ്പെട്ട് മുന്നറിവുകൾ | സ്ഥിരമായി കുട്ടികൾക്ക് പരിചിതമായ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ട് പദങ്ങൾ പറയിക്കുന്നു.<br>കവിതകൾ ചൊല്ലിക്കുന്നു | ഒരാഴ്ച | | അധ്യാപകൻ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | കുട്ടികൾക്ക് സംസ്കൃത ഭാഷാ താൽപര്യം വർദ്ധിപ്പിക്കാൻ പഠിച്ച പദങ്ങൾ അവയിൽ നിന്ന് വേർതിരിഞ്ഞു മനസ്സിലാക്കൽ | കവിത ചൊല്ലുന്നു. മുൻ പരിചയം ഉള്ള പദങ്ങൾ കവിതയിൽ നിന്നും തിരിച്ചറിയുന്നു | ഒരാഴ്ച | | അധ്യാപകൻ |
| | ചിത്ര വായന | ചിത്രത്തിന്റെ അടിക്കുറിപ്പ് മലയാളത്തിൽ പറയിക്കുന്നു. | ഒരാഴ്ച | | അധ്യാപകൻ |
| | ദിനചര്യാ ബോധം | ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ട് പറയിക്കുന്നു | പത്തു മാസം | | അധ്യാപകൻ |
| | എൽ.എസ്.ആർ.ഡബ്ല്യു ലേണിംഗ്, സ്പീക്കിംഗ് റീഡിംഗ് റൈറ്റിംഗ് | പാഠവായന അക്ഷര സൂര്യൻ പദസൂര്യൻ നിറം കൊടുക്കൽ സംഭാഷണം അഭിനയഗാനം സംഖ്യാഗീതത്തിലൂടെ സംഖ്യ പഠിപ്പിക്കുന്നു | ജൂലൈ- ഫെബ്രു. | | അധ്യാപകൻ |
| | 5, 6, 7 ക്ലാസ്സുകളിൽ | ചിത്ര പ്രദർശനം പരിചിതമായ ചിത്രങ്ങൾ പ്രദർശിപ്പിച്ച് അക്ഷര ജ്ഞാനം ഉറപ്പുവരുത്തൽ | ഒരാഴ്ച | | അധ്യാപകൻ |
| | സംസ്കൃത സാഹിത്യ പരിചായനം | സുഭാഷിതാലാപനം കഥപറയൽ, സമസ്യാപൂരണം ഗുണപാഠ കഥകളുടെ വീഡിയോ ആഖ്യാനങ്ങൾ, ഐ.സി.ടി.യിലൂടെ പരിചയപ്പെടുത്തുന്നു | ജൂലൈ- ഓഗസ്റ്റ് | | അധ്യാപകൻ |
| | അവതരണ സിദ്ധി | ഗദ്യപാരായണം | | | |
| | അക്ഷര ജ്ഞാനം വാക്സിദ്ധി | | | | |
| | വ്യാകരണ അവബോധം | പാഠഭാഗവുമായി ബന്ധപ്പെട്ട് കേട്ടെഴുത്ത്, പദം പിരിച്ചെഴുതുക, വിഗ്രഹം | ജൂലൈ- മാർച്ച് | | അധ്യാപകൻ |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അസംബ്ലി | വാർത്ത വായന, പ്രാർത്ഥന പ്രതിജ്ഞ, സുഭാഷിതം, ചിന്താവിഷയം | ജൂലൈ – മാർച്ച് | | അധ്യാപകൻ |
| | ദിനാചരണംബോധം | പോസ്റ്റർ നിർമ്മാണം ലഘുരൂപകം | ജൂൺ – ഫെബ്രു. | | അധ്യാപകൻ |

**യു. പി.** **മലയാളം**

| | | | | | |
|---|---|---|---|---|---|
| 1 | അക്ഷര സ്ഫുടതയോടെ യും ഒഴുക്കോടെയും ആ ശയവ്യക്തതയോടെയും ഉള്ള വായന | കൂട്ടുകാർക്ക് മുമ്പിൽ ഒഴുക്കോ ടെയുള്ള ഉച്ചത്തിൽ വായന<br>നിശബ്ദ വായന<br>വായനാ കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ<br>നിശബ്ദ വായന<br>ഉച്ചത്തിൽ വായന<br>വായനാ കാർഡ് നൽകുന്നു. | രണ്ട് ആഴ്ച | വായന കാർഡ് | എസ്.ആർ.ജി. പി.ടി.എ. |
| 2. | വായന, എഴുത്ത് | കുട്ടിക്ക് ഒരു വായനാ കാർഡ് നൽകുന്നു<br>വായനാ കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ<br>കുട്ടി രക്ഷിതാവിന് വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു<br>കുട്ടി വായിക്കുന്നതിന്റെ ഓഡി യോ/വീഡിയോ അയച്ച് തരുന്നു | രണ്ട് ആഴ്ച | ഐ.സി.ടി. | എസ്.ആർ.ജി. പി.ടി.എ. |
| 3 | വായന, ആശയം പറയൽ | കുട്ടിക്ക് കഥ പുസ്തകം / വായനാ കാർഡ് നൽകുന്നു<br>നിശബ്ദ വായന<br>വായിച്ചറിഞ്ഞ ആശയം പറയൽ<br>ആവശ്യമെങ്കിൽ ആവർത്തന വായന<br>കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോ ടെയുള്ള ഉച്ചത്തിൽ വായന | ജൂൺ | വായന കാർഡ് | എസ്.ആർ.ജി. പി.ടി.എ. |
| 4 | വായനയിൽ സ്വയം പര്യാപ്തത | കുട്ടിക്ക് ഒരു വായനാ കാർഡ് നൽകുന്നു.<br>കുട്ടി രക്ഷിതാവിന് വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു<br>വായിച്ചറിഞ്ഞ ആശയം രക്ഷിതാ വിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ | വായന കാർഡ് | എസ്.ആർ.ജി. പി.ടി.എ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | കുട്ടിക്ക് വായനാ കാർഡ് നൽകുന്നു<br>നിശബ്ദ വായന<br>ഉച്ചത്തിൽ വായന<br>കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന | ജൂൺ<br>ജൂലൈ | വായന<br>കാർഡ് | എസ്. ആർ. ജി.<br>പി. ടി. എ. |
| | | കുട്ടിക്ക് വായനാ കാർഡ് നൽകുന്നു<br>കുട്ടി രക്ഷിതാവിന് വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു<br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു | ജൂൺ<br>ജൂലൈ | വായന<br>കാർഡ് | എസ്. ആർ. ജി.<br>പി. ടി. എ. |
| | | കുട്ടികൾക്ക് കഥ കാർഡ് നൽകുന്നു<br>വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു | ജൂൺ<br>ഓഗസ്റ്റ് | വായന<br>കാർഡ് | എസ്. ആർ. ജി.<br>പി. ടി. എ. |
| | | ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു<br>ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>പുസ്തക വിതരണം.<br>വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ<br>ഒക്ടോബർ | ലൈബ്രറി<br>ബുക്ക് | എസ്. ആർ. ജി. |
| 5 | കവിത, കഥ എന്നിവ കേട്ടു സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കുട്ടിക്ക് ഐ.സി.ടി. ഉപയോഗിച്ച് കഥ കാണാൻ അവസരം<br>കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം<br>കഥ സ്വയം എഴുത്ത്<br>അധ്യാപികയുടെ ഇടപെടൽ<br>മെച്ചപ്പെടുത്തി എഴുതൽ | രണ്ട്<br>ആഴ്ച | ലൈബ്രറി<br>ബുക്ക്<br>ഐ.സി.ടി. | എസ്. ആർ. ജി.<br>പി. ടി. എ. |
| 6 | കഥ കാണാം, എഴുതാം തുടർപ്രവർത്തനം | രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു<br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ /വീഡിയോ അയച്ച് തരുന്നു. | രണ്ട്<br>ആഴ്ച | ഐ. സി. ടി. | എസ്. ആർ. ജി.<br>പി. ടി. എ. |
| 7 | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു. | രണ്ട്<br>ആഴ്ച | ചിത്ര കാർഡ് | എസ്. ആർ. ജി.<br>പി. ടി. എ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം<br>വിവരണം എഴുതൽ<br>അധ്യാപികയുടെ ഇടപെടൽ<br>രചന മെച്ചപ്പെടുത്തൽ | | | |
| 8 | എന്തെല്ലാം കാഴ്ചകൾ | കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് കുറിപ്പെഴുതാൻ അവസരം.<br>എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു | രണ്ട് ആഴ്ച | ഐ.സി.ടി. | എസ്.ആർ.ജി.<br>പി.ടി.എ. |
| | | കവിത പൂർത്തിയാക്കാൻ അവസരം<br>കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു<br>കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു<br>... വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ<br>വീട്ടുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്.<br>മാഞ്ചുവട്ടിൽ മാങ്ങവീണ വാർത്തയുണ്ടല്ലോ.<br>......................<br>കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു.<br>കവിത പാടുന്നതിന്റെ ഓഡിയോ /വീഡിയോ അയക്കുന്നു. | ജൂൺ<br>സെപ്തം. | ഐ.സി.ടി | എസ്.ആർ.ജി.<br>പി.ടി.എ. |
| | | കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം<br>കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/ നിർദ്ദേശങ്ങൾ നൽകുന്നു.<br>കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ<br>ഒക്ടോ. | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – എൽ. പി.

## അറബി

### ആമുഖം :

ഭാഷ ഒരു മനുഷ്യന്റെ ആശയ വിനിമയത്തിന് അത്യന്താപേക്ഷിതമാണ്. മനുഷ്യൻ നേരിടുന്ന മുഴുവൻ നേട്ടങ്ങൾക്കും അടിസ്ഥാനം ഭാഷയുടെ ഉപയോഗമാണ്.

### അറബി ഭാഷാ പഠനം :

പ്രാചീന സെമിറ്റിക് ഭാഷാ കുടുംബാംഗമായി ഉൽഭവിക്കുകയും ഇന്നും സജീവമായി നിലനിൽക്കുകയും ചെയ്യുന്ന ഏക ഭാഷയാണ് അറബി. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ആറ് ഭാഷകളിൽ ഒന്ന്. ലോകത്ത് ഇന്ന് ധാരാളം രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയായ അറബി ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്താണ്. നമ്മുടെ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമാണ് അറബി ഭാഷ. നമ്മുടെ രാജ്യത്തും വിശിഷ്യാ മലയാളത്തിലും ധാരാളം പ്രയോഗങ്ങളും വാക്കുകളും ഈ ഭാഷയിൽ നിന്ന് നിത്യജീവിതത്തിൽ ഇടം നേടിയവയാണ്. ലോകത്ത് അറിയപ്പെട്ട സാഹിത്യ-കലാ സംഭാവനകളിൽ അറബി പ്രഥമ ഗണനീയ സ്ഥാനം വഹിച്ചിട്ടുണ്ട്. സാഹിത്യം, കല, ശാസ്ത്രം, ഫിലോസഫി, തുടങ്ങിയ മേഖലകളിലെല്ലാം പ്രശസ്തരായ പലരും ഈ ഭാഷയിലൂടെ ഉയർന്നുവന്നവരാണ്. പ്രശസ്ത അറബി ഗ്രന്ഥങ്ങൾ മലയാളത്തിലേക്കും പല മലയാള സാഹിത്യങ്ങളും അറബിയിലേക്കും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

### സവിശേഷതകൾ :

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്ത് കൂടുതൽ ക്രിയാത്മക പദ്ധതികളും പ്രവർത്തനങ്ങളും നാം നടത്തി വരികയാണ്. പഠന രംഗത്ത് അടിസ്ഥാന പരമായ ചില പ്രായോഗിക പ്രവർത്തനങ്ങൾ വിശിഷ്യാ ഭാഷാ പഠനത്തിൽ അത്യന്താപേക്ഷിതമാണ്. പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിനും നിലവിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന്റെ ഭാവി പ്രശോഭിതമാവണമെങ്കിൽ അടിസ്ഥാന വിദ്യാഭ്യാസത്തിൽ കാതലായ ഗുണങ്ങൾ ഉൾച്ചേരണം. അതിനുള്ള പ്രഥമ പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. അതിൽതന്നെ പ്രഥമ പരിഗണന നൽകേണ്ടത് ഭാഷാ പഠനത്തിനാണ്. ഭാഷാ പഠന രംഗത്ത് അക്കാദമിക് ആസൂത്രണം നടത്തുമ്പോൾ ഭാഷ ഒരു വിദ്യാർത്ഥിയിൽ സ്വായത്തമാക്കാനുള്ള വ്യത്യസ്ത വഴികൾ രൂപപ്പെടുത്തുക എന്നത് പ്രഥമ ഗണനീയമണ്. നിലവിൽ ഭാഷാ പഠനത്തിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് പ്രശ്നാധിഷ്ഠിത പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ :

അക്ഷരങ്ങളിലേക്ക് കുട്ടികളെ എത്തിക്കുക, അക്ഷരങ്ങൾ പരിചയപ്പെടുക, അവയുടെ രൂപ വിന്യാസത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള ആശങ്കകൾ അകറ്റി

ലളിതമായ രീതിയിൽ അക്ഷര പരിചയം നടത്തുക. വാക്കുകളിലേക്ക് പടിപടിയായിഎത്തിക്കുക. വിവിധ വാക്കുകൾ സംയോജിപ്പിച്ച് വാചകങ്ങൾ രൂപപ്പെടുത്താനുള്ള ശേഷി വളർത്തുക. ഇവയാണ് ഭാഷാ പഠനത്തിന്റെ കാതൽ.

അക്ഷരങ്ങളെ യഥാർത്ഥ ഭാഷാശുദ്ധിയോടെ കേൾക്കുക, അവ യഥാർത്ഥ രൂപത്തിൽ ഉച്ചരിക്കുക, ഘട്ടംഘട്ടമായി വായനയിലേക്ക് എത്തുക, തുടർച്ചയായ വായനാ സാമഗ്രികൾ നൽകി നിരന്തര വായന പ്രോത്സാഹിപ്പിക്കുക, അക്ഷരങ്ങളുടെ രൂപങ്ങൾ കൃത്യമായി മനസ്സിലാക്കി ലിഖിത രൂപം പരിചയപ്പെടുത്തുക, നിരന്തരമായി എഴുത്തിലൂടെ കൈവഴക്കം രൂപപ്പെടുത്തുക, ഭംഗിയോടെയും വൃത്തിയോടെയും യഥാർത്ഥ രൂപത്തോടെയും അക്ഷരങ്ങൾ എഴുതി ശീലിക്കുക എന്നിവ ഭാഷാ പഠനത്തിന്റെ അടിസ്ഥാന മേഖലകളാണ്. എഴുത്തിന്റെ സൗന്ദര്യാത്മകതക്ക് കോപ്പിയെഴുത്ത് പ്രധാനമാണ്. നിരന്തരമായ പഠന പ്രവർത്തനങ്ങളിലൂടെ ഭാഷാ പഠനത്തിലെ സങ്കീർണതകൾ ലഘൂകരിക്കാൻ സാധിക്കും.

അറബി ഭാഷാ പഠനത്തിന്റെ ഒരു സവിശേഷത അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും മധ്യത്തിലും അവസാനത്തിലും എഴുതുമ്പോൾ ഉണ്ടാവുന്ന രൂപവ്യത്യാസങ്ങളാണ്. അവയും നിരന്തരമായ പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിചയപ്പെടാൻ സഹായിക്കും.

## അക്കാദമിക നിലവാരം :

കേരളത്തിൽ നടപ്പിലാക്കിവരുന്ന മുഴുവൻ അക്കാദമിക പദ്ധതികൾക്കു പിന്നിലുമുള്ള ലക്ഷ്യം അക്കാദമിക നിലവാരം വർദ്ധിപ്പിക്കുക എന്നതാണ്. നാം ഉദ്ദേശിക്കുന്ന നിലവാരത്തിലേക്ക് പൊതുവിദ്യാലയങ്ങൾ ഉണരണമെങ്കിൽ നിലവിലെ പ്രശ്നങ്ങൾ വിശകലനം ചെയ്ത്, വീഴ്ചകൾ മനസ്സിലാക്കി അവയ്ക്ക് കാതലായ പരിഹാരം കണ്ടെത്തുക എന്നതാണ്. അടിസ്ഥാനപരമായ വിദ്യാഭ്യാസവും ശേഷിയും ഉണ്ടാക്കുകയാണ് മർമ്മപ്രധാനം.

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശില ഭാഷാ പഠനമാണ്. ഭാഷയുടെ ഉപയോഗം വായന, എഴുത്ത്, സംസാരം എന്നിവയിലൂടെയാണ്. ഇവ കുട്ടികളിൽ രൂപപ്പെടുത്തുകയാണ് ആദ്യപടിയായി ചെയ്യേണ്ടത്. അറബി ഭാഷയുടെ പഠന രൂപവും ഘട്ടങ്ങളും പരിചയപ്പെടുത്തുകയാണ് ചുവടെ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – എൽ. പി.

**എൽ. പി.** **അറബി**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബി അക്ഷരങ്ങൾ പരിചയപ്പെടുന്നു അവയുടെ ഉച്ചാരണം | അക്ഷര കാർഡുകൾ, ഐ.സി.ടി. തുടങ്ങിയവരുടെ സഹായത്താൽ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. അവയുടെ ഉച്ചാരണം ശരിയായ രൂപത്തിൽ കേൾപിക്കുന്നു | ജൂൺ ആഗസ്റ്റ് | കാർഡുകൾ ഐ. സി. ടി. | എസ്ആർജി. |
| 2 | ഉച്ചാരണം, എഴുത്തിലെ രൂപ വ്യത്യാസം എന്നിവ മനസ്സിലാക്കൽ | പ്രത്യേക പരിശീലനം നൽകി അക്ഷര ഉച്ചാരണം, എഴുത്തിലെ രൂപവ്യത്യാസം എഴുത്തിന്റെ രീതി എന്നിവ ആർജ്ജിച്ചെടുക്കാൻ കഴിയുന്ന അക്ഷര കാർഡുകൾ, ഐ. സി. ടി., ഗെയിമുകൾ എന്നിവ ഉപയോഗപ്പെടുത്തുന്നു | ജൂൺ ഒക്ടോ. | കാർഡുകൾ ഐ. സി. ടി. | എസ്ആർജി. സബ് ജില്ലാ സമിതി |
| 3 | പദസമ്പത്ത് വർദ്ധിപ്പിക്കുക ഭാഷാ ശേഷി ഉയർത്തുക | പാഠപുസ്തകങ്ങളിലെ പദങ്ങൾ കണ്ടെത്തി വർഗീകരിച്ച് ലിസ്റ്റ് ചെയ്യുന്നു. പുറത്ത് നിന്നുള്ള പദങ്ങൾ, വാക്കുകൾ എന്നിവ ശേഖരിക്കുന്നു. നിത്യേന ഉപയോഗിക്കുന്ന വാക്കുകൾ കണ്ടെത്തി അവ മനസ്സിലാക്കുന്നു. കൂടുതൽ പദങ്ങളും വാക്കുകളും നിരന്തര പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്നു. ഉപയോഗപ്പെടുത്തുന്നു. | സെപ്തം. നവം. | ടെക്സ്റ്റ് ബുക്ക് വായനാ സാമഗ്രികൾ | എസ്ആർജി. ബി.ആർ.സി. എസ്എംസി. |
| 4 | നിത്യജീവിതത്തിൽ ഭാഷ വിനിമയ ശേഷി വളർത്തൽ | പഠന പ്രവർത്തനങ്ങൾ വ്യത്യസ്തതരങ്ങളിലുള്ളവ നൽകുക. ഭാഷയുമായി നേരിട്ട് ബന്ധമുള്ള പദ നിർമ്മാണം, പദകേളി, പദപ്പയറ്റ്, പ്രസംഗം തുടങ്ങിയവ നടത്തുക. | ജൂൺ മാർച്ച് | മാതൃകാ ചോദ്യങ്ങൾ മത്സര കാർഡുകൾ | എസ്ആർജി. |
| 5 | വായനയോടുള്ള താൽപര്യം, പൊതുവിജ്ഞാനം എന്നിവ വർദ്ധിപ്പിക്കുക | പൊതുവിജ്ഞാനം, ഭാഷാ ഉപയോഗം എന്നിവ ഉൾക്കൊള്ളിച്ച് അറബിയിലും മാതൃഭാഷയിലുള്ള ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഭാഷാടിസ്ഥാനത്തിലുള്ള പൊതുവിജ്ഞാന പുസ്തകങ്ങൾ നൽകുന്നു. വായനാ മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ മാർച്ച് | പുസ്തകങ്ങൾ ഐ. സി. ടി. വായനാ കാർഡുകൾ | എസ്ആർജി. എസ്എംസി. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – എൽ. പി.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 6 | സർഗാത്മക ശേഷി വളർത്തുക | ദിനാചരണങ്ങളിൽ വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിക്കുന്നു. സർഗാത്മക വളർത്താനുള്ള കഥ, കവിത, ഗാനം, ചിത്രരചന, കാർഡ് നിർമ്മാണം, പോസ്റ്റർ തുടങ്ങിയ വ്ത്യസ്ത സാഹിത്യ മത്സരങ്ങളും ശിൽപശാലകളും നടത്തുന്നു. | ജൂൺ ഫെബ്രുവ , | സൃഷ്ടികൾ പരിചയപ്പെടുത്തുന്നു | എസ്ആർജി. എസ്എംസി. |
| 7 | ഐ.സി.ടി. ഭാഷാ നൈപുണിക്ക് ഉപയോഗിക്കുക | ഐ.സി.ടി. ഉപയോഗം വ്യാപിപ്പിക്കുന്നതിനാൽ പുതിയ സാധ്യതകൾ വളരെ വിപുലമാണ്. പ്രത്യേകിച്ച് അറബി ഭാഷക്ക്. അവയെ പരിചടപ്പെടുത്തുക, ലാംഗ്വേജ് ലാബുകൾ, സ്മാർട്ട് ക്ലാസ്സുകൾ, ഗെയിമിംഗ്, കീബോർഡ് ഉപയോഗം, ബാല സാഹിത്യ പരിചയം തുടങ്ങിയവ നടത്തുക. | ജൂൺ മാർച്ച് | ഐ.സി.ടി. | എസ്ആർജി. എസ്എംസി. |

## Academic Master Plan - 2025-26

Clas I English

**ഒന്നാം ടേമിലെ പ്രവർത്തന ലക്ഷ്യങ്ങൾ :**

ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളും പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുന്നു. ആശയ ക്രമീകരണത്തോടെ ഭാഷണം നടത്താൻ കഴിവ് നേടുന്നു. എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുന്നു. ആകർഷകവും സമഗ്രവുമായ നോട്ട് ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.

### Introduction

The goal is for the first grader to handle English fluently. The first grader must go from small words to big words. Must be able to read, write and speak English with it. We have to keep out world language English, close to our heart.

| | Aim | Activites | Duration | Materials | Resourse |
|---|---|---|---|---|---|
| 1 | Simple words, Simple Sentence add more lines, description make sure these are in the Children | Pre test<br>To develop listening skills and reading skills<br>Familiaries with words like Ant, Apple, Bat, Bag etc.. and identifies the words | June | Picure Card<br>I C T<br>Chart | SRG |

| | | | | | |
|---|---|---|---|---|---|
| 2 | Responds to simple instructions in the class romm<br>*Eg.* May I come in Teacher | Introducing simple words provide picture card<br>Gives a familiar magic Picture card<br>(Apple, Ant, Umbrella) | June | Picutre card<br>ICT | SRG |
| 3 | Describes orally about pictures and objects using adjectives | Says the familiar words<br>Writing familiar words<br>Reading Familiar words | July | Picture Card<br>ICT | SRG |
| 4 | Enjoys song and sing with rhythm and action action | Enjoys songs and sings them with rhythms and<br><br>Describes orally about picture and objects using adjectives (Colours, Shape Small, Big etc...) | August | ICT, Chart | SRG |
| | | Reads and writes simple words and simple sentence Eg. Apple, an Apple, Red apple | Sept. | ICT, Chart | SRG |
| | | Provides picture card and reading cards | Sept | Picture card reading card | |
| | | Introduces a simple picture description<br>Word chain, Sentence chain<br>Describing words, rhyming words etc..<br>Text book activities<br>My growing book is being prepared | Oct | Picture card reading card | |
| | | Preparing the reading card<br>Class room provides more opportunities to read write and speak in English.<br>Writes 5 English words daily. | Nov. | Story books | SRG |
| | | Prepared and displayed by "My English world"<br>My Picture dictionary is being prepared.<br>My growing book is being prepared.<br>Encourages digital reading in the class room every day | Dec. | ICT<br>Library | SRG |
| | | Enjoys songs and sings with rhythm<br>Collects animals and bird's pictures.<br>Spoken English class is provided. | January | Library | SRG |

## Academic Master Plan - 2025-26

| | Aim | Activites | Duration | Materials | Rescouse |
|---|---|---|---|---|---|
| | | Provides an opportunity to express "My self" in the class room.<br>Provides an opportunity. to speak fluently.<br>Provides an opportunities for English Assembly. one day in a week. | February | Reading Assemby | SRG |
